നിർദ്ദേശിക്കുന്നതും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതവുമായ പ്രവൃത്തികൾക്ക് ചട്ടപ്രകാരം അനുമതി നൽകിവരുന്നു. പൂർത്തിയായ പ്രവൃത്തികൾക്ക് നിലവിലുള്ള ചട്ടങ്ങൾക്ക് അനുസൃതമായി ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായതിനാൽ പുരോഗതിക്ക് അനുസൃതമായാണ് റിലീസ് നൽകി വരുന്നത്. ടഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ള തുക സംബന്ധിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

ആസ്തി വികസന ഫണ്ടിലെ പദ്ധതികൾ

127 (99) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് നിയോജക മണ്ഡലത്തിൽ 2011-2016 വരെയുള്ള കാലയളവിൽ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി നിർദ്ദേശിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോന്നിനും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭിക്കാൻ എത്ര പ്രവൃത്തികൾ ശേഷിക്കുന്നുണ്ടെന്നും ഇവ ഏതെല്ലാം ഘട്ടത്തിലാണെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവർത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആസ്തി വികസന പദ്ധതി ആരംഭിച്ച 2012-13 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ ഏറനാട് നിയോജകമണ്ഡലത്തിൽ ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി നിർദ്ദേശിക്കപ്പെട്ടതും ധനാനുമതി നൽകിയതുമായ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) പ്രവൃത്തികളുടെ ഭരണാനുമതിക്കായുള്ള ഭരണവകുപ്പ് ശിപാർശകളൊന്നും ധനകാര്യ വകുപ്പിൽ നിലവിലില്ല. ഭരണ വകുപ്പുകളിൽ ഭരണാനുമതിക്കായി ശേഷിക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(സി) ധനാനുമതി ലഭ്യമാക്കിയ പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി പുറപ്പെടുവിക്കാനുള്ള നിർദ്ദേശം എല്ലാ ഭരണ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly